**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 256** **13-07-2022 - ൽ മറുപടിയ്ക്ക്**

**പുതിയ പ്ലസ് വൺ ബാച്ചുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ നാല് ലക്ഷത്തി ഇരുപത്തി ആറായിരത്തി നാനൂറ്റി അറുപത്തൊൻപത് വിദ്യാർത്ഥികളിൽ നാല് ലക്ഷത്തി ഇരുപത്തി മൂവായിരത്തി മുന്നൂറ്റി മൂന്ന് പേർ ഉപരി പഠനത്തിന് അർഹത നേടിയ സാഹചര്യത്തിൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. പരീക്ഷ ഫലം കൂടി വരുമ്പോൾ പ്ലസ് വൺ പ്രവേശനത്തിന് കഴിഞ്ഞ വർഷത്തെ അപേക്ഷകരെക്കാൾ കൂടുതൽ അപേക്ഷകൾ ഉണ്ടാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രവേശന നടപടികൾ അവസാനിച്ചു കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലും ഉള്ളത്. 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും തുടരുന്നതിനോടൊപ്പം ഈ വർഷം 2 അധിക ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ അധിക സീറ്റുകളും അനുവദിച്ചിട്ടുള്ളതിനാൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ പ്രവേശനം സാധ്യമാകുന്നതാണ്. കഴിഞ്ഞ അധ്യയന വർഷത്തെയും മുൻകാലങ്ങളിലേയും പ്രവേശന വിവരങ്ങൾ പ്രകാരം പര്യാപ്തമായ സീറ്റുകൾ ഹയർസെക്കന്ററി മേഖലയിൽ നിലവിലുണ്ട്. |
| (ബി) | കഴിഞ്ഞ വർഷത്തിൽ നിന്നും വിഭിന്നമായി വിദ്യാഭ്യാസം പൂർണ്ണമായും ഓഫ്‌ലൈൻ മോഡിൽ ആയ സാഹചര്യത്തിൽ സീറ്റ് വർദ്ധനവ് കൊണ്ട് മാത്രം പ്രശ്നം പരിഹരിക്കാമെന്ന് കരുതുന്നുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രവേശന നടപടികൾ അവസാനിച്ചു കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലും ഉള്ളത്. 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും തുടരുന്നതിനോടൊപ്പം ഈ വർഷം 2 അധിക ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ അധിക സീറ്റുകളും അനുവദിച്ചിട്ടുള്ളതിനാൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ പ്രവേശനം സാധ്യമാകുന്നതാണ്. കഴിഞ്ഞ അധ്യയന വർഷത്തെയും മുൻകാലങ്ങളിലേയും പ്രവേശന വിവരങ്ങൾ പ്രകാരം പര്യാപ്തമായ സീറ്റുകൾ ഹയർസെക്കന്ററി മേഖലയിൽ നിലവിലുണ്ട്. |
| (സി) | ഈ സാഹചര്യത്തിൽ പുതിയ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കാൻ തയ്യാറാകുമോ എന്ന് | (സി) | ഇപ്പോൾ പരിഗണനയിലില്ല |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ